**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5285** **15-03-2023 - ൽ മറുപടിയ്ക്ക്**

**വിള ഉല്പാദിപ്പിക്കുന്നതിനുള്ള പ്രത്യേക പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.പി. സുമോദ് | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | പട്ടികവർഗ വിഭാഗങ്ങൾക്ക് അവരുടെ ഭൂമിയിൽ വിള ഉല്പാദിപ്പിക്കുന്നതിനായി പ്രത്യേക പദ്ധതികൾ ഏതെങ്കിലും സർക്കാർ ആവിഷ്കരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; | (എ) | കൃഷി വകുപ്പ് മുഖേന നടപ്പിലാക്കുന്ന ചുവടെ ചേർത്തിട്ടുള്ള കേന്ദ്രാവിഷ്കൃത പദ്ധതികളിൽ എല്ലാം തന്നെ പട്ടിക വർഗ്ഗ വിഭാഗത്തിൽ പെട്ട കർഷകർക്ക് വേണ്ടി പ്രത്യേകം തുക വകയിരുത്തിയിട്ടുണ്ട്.<br><br>കൂടാതെ റീ ബിൽഡ് കേരള ഇനിഷിയേറ്റീവ് പദ്ധതിയിൽ ഉൾപ്പെടുത്തി ആദിവാസി ഗോത്ര വിഭാഗക്കാരുടെ പരമ്പരാഗത കൃഷി പരിപോഷിപ്പിക്കുന്നതിനായി പാലക്കാട് ജില്ലയിൽ അഗളി താലൂക്കിൽ അഗളി, അട്ടപ്പാടി, ഷോളയൂർ പഞ്ചായത്തുകളിലെ ഗോത്രവർഗ്ഗ കർഷകരെ ഉൾപ്പെടുത്തി മില്ലെറ്റ് വില്ലേജ് എന്ന പദ്ധതി നടപ്പാക്കി വരുന്നു. അതുപോലെ തൃശ്ശൂർ ജില്ലയിൽ ആദിവാസി ഗോത്ര വിഭാഗ കർഷകരെ ഉൾപ്പെടുത്തി ആതിരപ്പള്ളി ട്രൈബൽ വാലി പ്രൊജക്റ്റ് നിലവിൽ നടന്നുവരുന്നു. രണ്ടു പദ്ധതിയോടനുബന്ധിച്ചും ഉല്പന്നസംഭരണം, മൂല്യവർദ്ധനം , വിപണനം എന്നീ മേഖലകളിൽ ഇടപെടുന്നതിനായി കർഷക പ്രൊഡ്യൂസർ കമ്പനിയും സ്ഥാപിച്ചു കർഷകർക്ക് ഉപകാരപ്രദമായ രീതിയിൽ പ്രവർത്തിച്ചു വരുന്നു |
| (ബി) | അപ്രകാരം പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടെങ്കിൽ ആയതിലേക്കായി എത്ര തുക വകയിരുത്തിയിട്ടുണ്ടെന്ന് വിശദമാക്കാമോ? | (ബി) | വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

| ക്രമ നമ്പർ | പദ്ധതിയുടെ പേര് |
|---|---|
| 1 | മിഷൻ ഫോർ ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് ഹോർട്ടികൾച്ചർ– എം.ഐ.ഡി.എച്ച് |
| 2 | രാഷ്ട്രീയ കൃഷി വികാസ് യോജന –ആർ.കെ.വി.വൈ |
| 3 | സബ് മിഷൻ ഓൺ അഗ്രിക്കൾച്ചർ മെക്കനൈസേഷൻ– കാർഷിക മേഖലയിൽ ആവശ്യമായ യന്ത്ര സാമഗ്രികൾ വാങ്ങുന്നതിനും.. |
| 4 | ദേശീയ ഭക്ഷ്യസുരക്ഷാ മിഷൻ – എൻ .എഫ്.എസ്.എം |
| 5 | സബ് മിഷൻ ഓൺ അഗ്രോ ഫോറസ്റ്ററി – എസ്.എം.എ.എഫ്– കാർഷിക വനവൽക്കരണത്തിനാവശ്യമായ നഴ്സറി നിർമാണത്തിനും പ്രാദേശിക വിളകൾക്കൊപ്പം വൃക്ഷ വിളകൾ വ്യാപിപ്പിക്കുന്നതിനും. |
| 6 | കാർഷിക വിജ്ഞാന വ്യാപനത്തിനുള്ള ദേശീയ പദ്ധതി– എസ്.എം.എ.ഇ– ആത്മ പദ്ധതിയുടെ ഭാഗമായി വിവിധ പ്രദർശന തോട്ടങ്ങൾ ഒരുക്കുന്നതിനും, കർഷകർക്കായി പരിശീലന പരിപാടികൾ, പഠനയാത്രകൾ, വിജ്ഞാന വ്യാപന– പ്രദർശന പരിപാടികൾ നടപ്പിലാക്കുന്നതിനും. |
| 7 | തെങ്ങു കൃഷി വ്യാപനം പുനരുജ്ജീവനം എന്നിവയ്ക്കായി നാളികേര വികസന ബോർഡ് പദ്ധതികൾ |
| 8 | പരമ്പരാഗത കൃഷി വികാസ് യോജന– പി.കെ.വി.വൈ– ക്ലസ്റ്റർ അടിസ്ഥാനത്തിൽ ജൈവകൃഷി കൃഷിരീതികൾ പ്രോത്സാഹിപ്പിക്കുന്നതിനും പ്രചരിപ്പിക്കുന്നതിനും. |
| 9 | ഭാരതീയ പ്രകൃതി കൃഷി പദ്ധതി – ബി പി കെ പി |
| 10 | കാർഷിക ഉപയോഗത്തിനായി വിവിധ ജലസേചന രീതികൾ പ്രചരിപ്പിക്കുന്നതിൻ പ്രധാൻ മന്ത്രി കൃഷി സിഞ്ചായ് യോജന–പി.എം.കെ.എസ്.വൈ |
| 11 | കൃഷി ഉന്നതി യോജന: എല്ലാ കേന്ദ്രാവിഷ്കൃത പദ്ധതികളുടെയും അംബ്രല്ല സ്കീം |
| 12 | റെയിൻ ഫെഡ് ഏരിയ ഡെവലപ്മെന്റ് പദ്ധതി– കാർഷിക വരുമാനം വർദ്ധിപ്പിക്കുന്നതിലൂടെ കർഷകരുടെ ജീവിത ശൈലി മെച്ചപ്പെടുത്തുന്നതിനും സംയോജിത കൃഷിരീതിയിലൂടെ ഉല്പാദന വർദ്ധനവും സുസ്ഥിരമായ വരുമാനവും ലഭ്യമാക്കുന്നതിനും. |
| 13 | സോയിൽ ഹെൽത്ത് കാർഡ് : കർഷകരുടെ കൃഷിയിടത്തിലെ മണ്ണ് പരിശോധിച്ച് ഫലം കാർഡായി നൽകുകയും വളപ്രയോഗത്തിനുള്ള ശുപാർശ നൽകുന്നതുമായ പദ്ധതി |

# <u>അനുബന്ധം</u>

നടപ്പ സാമ്പത്തിക വർഷം (2022-23) ചുവടെ പറയും പ്രകാരം പദ്ധതി തുക വകയിരുത്തിയിട്ടുണ്ട്.

| **ക്രമ നമ്പർ** | **പദ്ധതിയുടെ പേര് (തുകകൾ ലക്ഷം രൂപയിൽ)** | **ടി എസ് പി സംസ്ഥാന വിഹിതം** | **ടി എസ് പി കേന്ദ്ര വിഹിതം** | **ആകെ തുക (ലക്ഷം)** |
|---|---|---|---|---|
| 1 | കാർഷിക വിജ്ഞാന വ്യാപനത്തിനുള്ള ദേശീയ പദ്ധതി- എസ്.എം.എ.ഇ- 2401-796-79-01 | | 16.8 | 16.8 |
| 2 | കാർഷിക വിജ്ഞാന വ്യാപനത്തിനുള്ള ദേശീയ പദ്ധതി- എസ്.എം.എ.ഇ- 2401-796-79-02 | 11.2 | | 11.2 |
| 3 | കൃഷി ഉന്നതി യോജന 2401-00-796-87-01 | | 30 | 30 |
| 4 | കൃഷി ഉന്നതി യോജന 2401-00-796-87-02 | 20 | | 20 |
| 5 | മിഷൻ ഫോർ ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് ഹോർട്ടികൾച്ചർ-എം.ഐ.ഡി.എച്ച് -2401-796-76-01 | | 18 | 18 |
| 6 | മിഷൻ ഫോർ ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് ഹോർട്ടികൾച്ചർ-എം.ഐ.ഡി.എച്ച്-2401-796-76-02 | 12 | | 12 |
| 7 | രാഷ്ട്രീയ കൃഷി വികാസ് യോജന -ആർ.കെ.വി.വൈ-2401-796-78-01 | | 48 | 48 |
| 8 | രാഷ്ട്രീയ കൃഷി വികാസ് യോജന -ആർ.കെ.വി.വൈ-2401-796-78-02 | 32 | | 32 |
| 9 | സബ് മിഷൻ ഓൺ അഗ്രിക്കൾച്ചർ മെക്കനൈസേഷൻ- 2401-796-77-01 | | 42 | 42 |
| 10 | സബ് മിഷൻ ഓൺ അഗ്രിക്കൾച്ചർ മെക്കനൈസേഷൻ- 2401-796-77-02 | 28 | | 28 |
| | **ആകെ തുക** | 103.20 | 154.80 | 258.00 |

ഇതോടൊപ്പം റീ ബിൽഡ് കേരള ഇനിഷിയേറ്റീവ് പദ്ധതിയിൽ ഉൾപ്പെടുത്തി അട്ടപ്പാടി മില്ലെറ്റ് വില്ലേജ് പദ്ധതിക്കായി 7.99 കോടി രൂപയും ആതിരപ്പള്ളി ട്രൈബൽ വാലി പദ്ധതിക്കായി 7.91 കോടി രൂപയും വകയിരുത്തി പ്രവർത്തനം നടന്നു വരുന്നു.